\

**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 747** **14.01.2021-ൽ മറുപടിയ്ക്ക്**

## സമഗ്ര കോളനി വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| എ) | സമഗ്ര കോളനി വികസനത്തിന് സംസ്ഥാനത്ത് എത്ര കോളനികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 248 കോളനികളും, 2018-19 സാമ്പത്തിക വർഷം 80 കോളനികളും (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം), 2019-20 സാമ്പത്തിക വർഷം 90 കോളനികളും, 2020-21 സാമ്പത്തിക വർഷം നാളിതുവരെയായി 9 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>സമഗ്ര കോളനി വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18 വർഷം 101 കോളനികളെ തെരഞ്ഞെടുക്കുകയും ആയതിൽ 7 കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിരിന്നു. ബാക്കി 94 കോളനികളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷം ടി പദ്ധതിയിൽ 62 പട്ടികവർഗ്ഗ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) | ചെങ്ങന്നൂർ മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള കോളനി വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല.<br><br>അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയ പട്ടികജാതി കോളനികളുടെ |

| | | | |
|---|---|---|---|
| | | | വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**2016-17**<br><br>1. മണ്ണാറത്തറ കോളനി<br><br>2. ചെറുമിക്കാട് കോളനി<br><br>**2018-19 (പ്രളയാനന്തര കോളനികളുടെ പുനഃനിർമ്മാണം)**<br><br>1. പ്രവട്ടക്കര കോളനി<br><br>2. ചാത്തമേൽകുറ്റി കോളനി<br><br>3. ചെല്ലപ്പുഞ്ചയിൽ കോളനി<br><br>4. പൂപ്പറത്തിൽ കോളനി<br><br>5. കിഴക്കേത്തുരുത്തി കോളനി<br><br>6. മാവേലിത്തറ കോളനി<br><br>7. ചിത്തിരപുരം കാരിക്കുഴി കോളനി<br><br>8. പ്ലാക്കത്തറ കോളനി<br><br>9. പേരിശ്ശേരി കോളനി<br><br>10. കൊല്ലത്തറ കോളനി<br><br>**2019-20**<br><br>1. കിണറുവിള കോളനി |
| സി) | ചെങ്ങന്നൂരിലെ പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ള നിർമ്മാണ ഏജൻസി ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | സി) | ജില്ലാ നിർമ്മിതി കേന്ദ്രം, ആലപ്പുഴ |
| ഡി) | കോളനി തലത്തിലുള്ള നിർമ്മാണപുരോഗതി വിവരിക്കാമോ? | ഡി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നിർമ്മാണ പുരോഗതി**

| കോളനിയുടെ പേര് | നിർമ്മാണ പുരോഗതി |
|---|---|
| മണ്ണാറത്തറ കോളനി | റോഡ് നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചു. കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് 90% പൂർത്തീകരിച്ചു. റീറ്റെയിനിംഗ് വാളിന്റെ പ്രവൃത്തി അവശേഷിക്കുന്നു. |
| ചെറുമിക്കാട് കോളനി | രണ്ട് റോഡ് നിർമ്മാണത്തിൽ ഒരെണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. രണ്ട് ഭവന പുനരുദ്ധാരണത്തിന്റെ പ്രവൃത്തി അവശേഷിക്കുന്നു. കുടിവെള്ള കണക്ഷൻ പൂർത്തീകരിച്ചു. |
| പ്രവട്ടക്കര കോളനി<br>ചാത്തമേൽകുറ്റി കോളനി<br>ചെല്ലപുഞ്ചയിൽ കോളനി<br>പൂപ്പറത്തിൽ കോളനി<br>കിഴക്കേത്തുരുത്തി കോളനി<br>മാവേലിത്തറ കോളനി<br>ചിത്തിരപുരം കാരിക്കുഴി കോളനി<br>പ്ലാക്കത്തറ കോളനി<br>കൊല്ലത്തറ കോളനി | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| പേരിശ്ശേരി കോളനി | എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| കിണറുവിള കോളനി | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ